(ബി, സി) ഉദിക്കുന്നില്ല. എന്നാൽ ഇത്തരം കേസുകൾ ശ്രദ്ധയിൽ പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

4 [2290] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം ഇപ്പോൾ നൽകിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വീടൊന്നിന് 70,000 രൂപയാണ് ഗ്രാൻറായി അനുവദിക്കുന്നത്. ദുർഘട പ്രദേശങ്ങളിലാണെങ്കിൽ 5,000 രൂപ കൂടി അധികമായി അനുവദിക്കും.

(ബി, സി) 20-3-2003-ലാണ് ഭവന നിർമ്മാണ ഗ്രാൻറ് വർദ്ധിപ്പിച്ചത്. ഗ്രാൻറ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

5 [2293] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കുവേണ്ടി ആകെ ചെലവാക്കിയ തുക എത്രയാണ്;

(സി) നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികളും അവയ്ക്ക് ചെലവാക്കിയ തുകയും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരളോൽസവം
2. നാഷണൽ യുവ ഉൽസവ്/നാഷണൽ യൂത്ത് ഫെസ്റ്റിവൽ.

LIBRARY ARCHIVES Kerala Legislative Assembly

3. യൂത്ത് ഹോസ്റ്റലുകൾക്ക് അറ്റകുറ്റപ്പണികൾക്കായുള്ള ധന സഹായം.

4. യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികൾക്കായി ധനസഹായം.

5. യൂത്ത് ക്ലബ്ബുകളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം.

6. നാടൻ കലകളിൽ പരിശീലനം.

7. സാമൂഹ്യതിൻമകൾക്കെതിരെ (എച്ച്. ഐ. വി., എയ്ഡ്സ് തുടങ്ങിയവ) ബോധവൽക്കരണം.

8. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്യാമ്പുകൾ.

9. യുവജന നേതൃത്വ പരിശീലന ക്യാമ്പുകൾ.

10. നൂതന സാങ്കേതിക വിദ്യകളിൽ തൊഴിൽ പരിശീലനം.

11. ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ.

12. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി ചേർന്ന് ബോട്ട് ക്ലബ് പരിശീലനം.

13. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ.

14. യുവജനങ്ങൾക്കായുള്ള എക്സിബിഷൻ.

15. സാഹസിക പരിപാടികൾ.

16. യുവജന അവാർഡ് നൽകൽ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി 6,94,01,549 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) യുവജനക്ഷേമ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാലയാക്കാൻ നടപടി

6 [2295] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലം കാര്യക്ഷമമാക്കുവാനും മെച്ചപ്പെടുത്തുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവിടെ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണ്;

(സി) കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഈ സാംസ്കാരിക സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly